**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 593** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.ഇ.ബി. അഴിയൂർ സെക്ഷനു പ്രത്യേക ഫീഡർ ലൈൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** അഴിയൂർ വൈദ്യുത സെക്ഷനു കീഴിൽ വൈദ്യുതി മുടക്കവും രൂക്ഷമായ വോൾട്ടേജ് ക്ഷാമവും ഉണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പരിശോധിച്ചിട്ടുണ്ട് .

**(ബി)** ഈ പ്രശ്നം പരിഹരിക്കുന്നതിനായി അഴിയൂർ സെക്ഷന് വേണ്ടി ഒരു പ്രത്യേക ഫീഡർ ലൈൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകൾ നൽകിയിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(സി)** 84 ട്രാൻസ്ഫോർമറുകളും 14,000-ലധികം കണക്ഷനുകളും ഒന്നര കോടിയോളം രൂപ വരുമാനവുമുള്ള അഴിയൂർ സെക്ഷനിലെ വോൾട്ടേജ്, പവർ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അഴിയൂർ സെക്ഷനു വേണ്ടി ഒരു പ്രത്യേക ഫീഡർ ലൈൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** അഴിയൂർ സെക്ഷനിൽ സുഗമവും മെച്ചപ്പെട്ടതുമായ വൈദ്യുതി വിതരണം ഉറപ്പുവരുത്തുന്നതിന് 110 കെ വി പാന്നൂർ സബ്സ്റ്റേഷനിൽ നിന്നും അഴിയൂർ സെക്ഷനിലേക്ക് മാത്രമായി പുതിയ ഒരു ഫീഡർ, അഴിയൂർ സെക്ഷന്റെ അതിർത്തിയായ മോന്താൽ വരെ സബ്സ്റ്റേഷനിൽ നിന്ന് 6 km UG കേബിൾ സ്ഥാപിക്കുന്ന ജോലി ദ്യുതി - 3, 2027-28 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി 1,36,80,269/- (ഒരു കോടി മുപ്പത്തിയാറു ലക്ഷത്തി എൺപതിനായിരത്തി ഇരുന്നൂറ്റി അറുപത്തി ഒൻപത് രൂപയുടെ) എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ KSEBL സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**